## ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്

വിഷയം:- ഇ.മെ.സ. വകുപ്പ് – സ്ഥാപനകാര്യം –എംപാനൽ ചെയ്ത ആശുപത്രിയിലെ ബില്ലുകൾ, ഐ.പി.കളുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് ബില്ലുകൾ, ചികിത്സ അഡ്വാൻസ് ബില്ലുകൾ, മറ്റ് സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി വിഷയങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്നതിന്, പേരൂർക്കട ഇ.എസ്.ഐ. ആശുപത്രിയിൽ ദിനവേതന വ്യവസ്ഥയിൽ ക്ലർക്കിനെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 23.03.2017-ലെ ഇ$_2$-16539/15/ഡി.ഐ.എം.എസ്. നമ്പർ ഉത്തരവ്

### ഉത്തരവ് നമ്പർ. ഇ$_2$-16539/2015/ഡി.ഐ.എം.എസ്. തീയതി: 18.08.2017

വകുപ്പിൽ നിന്ന് വിരമിച്ച പരിചയസമ്പന്നരായ ക്ലർക്ക്/ഫാർമസിസ്റ്റുമാരെ ദിവസവേതന വ്യവസ്ഥയിൽ വിവിധ സ്ഥാപനങ്ങളിൽ താത്ക്കാലികമായി നിയമിക്കുന്നതിന് 21.03.2017-ൽ ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടറേറ്റിൽവച്ച് അഭിമുഖം നടത്തുകയുണ്ടായി. ഈ അഭിമുഖത്തിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെട്ടവർക്ക് പരാമർശ ഉത്തരവുപ്രകാരം ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിയമനം നൽകുകയും ചെയ്തിരുന്നു. എന്നാൽ പേരൂർക്കട ഇ.എസ്.ഐ. ആശുപത്രിയിൽ നിയമനം ലഭിച്ച, വിരമിച്ച സീനിയർ സൂപ്രണ്ട് ശ്രീ. എസ്. രാമചന്ദ്രൻ 08.07.17 വൈകുന്നേരം ജോലിയിൽ നിന്ന് രാജിവച്ചതായി പേരൂർക്കട ആശുപത്രി സൂപ്രണ്ട് അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പുതിയതായി ആളെ തിരഞ്ഞെടുക്കുന്നതിന് 11.08.17-ന് വീണ്ടും അഭിമുഖം നടത്തുകയുണ്ടായി. ഈ അഭിമുഖത്തിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെട്ട താഴെപ്പറയുന്ന വ്യക്തിയെ പേരൂർക്കട ഇ.എസ്.ഐ. ആശുപത്രിയിൽ ദിവസവേതന വ്യവസ്ഥയിൽ നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ഷാജഹാൻ കെ.എസ്.
കാവൂർകോണത്ത്, നൂറുൽ മഹൽ
വെയ്യൽ, കൈത്തോട് പി.ഒ., നിലമേൽ, കൊല്ലം.

ഈ നിയമനം പരമാവധി 179 ദിവസത്തേക്കാണെങ്കിലും വകുപ്പ് മേധാവിക്ക് യുക്തമെന്നു തോന്നുന്നപക്ഷം മുൻകൂർ നോട്ടീസില്ലാതെ തന്നെ പിരിച്ചുവിടുന്നതാണ്.

മറുപുറം

ശ്രീ. ഷാജഹാൻ കെ.എസ്., ഉത്തരവ് കൈപ്പറ്റി 3 ദിവസത്തിനകം പേരൂർക്കട ഇ.എസ്.ഐ. ആശുപത്രി സൂപ്രണ്ട് മുമ്പാകെ ജോലിക്ക് ഹാജരാകേണ്ടതാണ്.

(ഒപ്പ്)
ഡോ. അജിത നായർ ആർ.
ഇൻഷുറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടർ

സ്വീകർത്താവ്

ശ്രീ. ഷാജഹാൻ കെ.എസ്.
കാവൂർകോണത്ത്, നൂറുൽ മഹൽ
വെയ്യൽ, കൈത്തോട് പി.ഒ., നിലമേൽ, കൊല്ലം.

പകർപ്പ്:-
1. മേഖല ഡെപ്യൂട്ടി ഡയറക്ടർ,ഐ.എം.എസ്., ദക്ഷിണ മേഖല, കൊല്ലം
2. സൂപ്രണ്ട്, ഇ.എസ്.ഐ. ആശുപത്രി, പേരൂർക്കട
3. വെബ് സൈറ്റ്/ഫയൽ/സ്റ്റോക്ക് ഫയൽ

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്